**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5992** **17-03-2023 - ൽ മറുപടിയ്ക്ക്**

**ചേലാട് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിനു 15.83 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്ക് 17.14 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തി ടെണ്ടർ ചെയ്ത് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടി പദ്ധതി സ്ഥലം രേഖകളിൽ പാടം/ തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പദ്ധതി ഭൂമിയുടെ തരം മാറ്റുന്നതിനോ ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റേയും, ബഹു.എം.എൽ. എയുടേയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ തീരുമാനിച്ചെങ്കിലും നാളിതുവരെ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി (ടി.എ.സി.) ചേർന്ന് അപ്രൂവൽ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകി കഴിഞ്ഞാൽ അതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് ടി.എ.സി കൂടി വർക്ക് അവാർഡ് ചെയ്യേണ്ടത് ബന്ധപ്പെട്ട എസ്.പി.വി യും ഭരണവകുപ്പുമാണ്. |
| (സി) | ടി.എ.സി. എന്നത്തേയ്ക്ക് ചേരുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകി കഴിഞ്ഞാൽ അതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് ടി.എ.സി കൂടി വർക്ക് അവാർഡ് ചെയ്യേണ്ടത് ബന്ധപ്പെട്ട എസ്.പി.വി യും ഭരണവകുപ്പുമാണ്. |
| (ഡി) | ടി.എ.സി. അടിയന്തരമായി ചേർന്ന് ചേലാട് സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ | (ഡി) | പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകി കഴിഞ്ഞാൽ അതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | ടി.എ.സി കൂടി വർക്ക് അവാർഡ് ചെയ്യേണ്ടത് ബന്ധപ്പെട്ട എസ്.പി.വി യും ഭരണവകുപ്പുമാണ്. |

സെക്ഷൻ ഓഫീസർ